# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി13) 730/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 29/06/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി13) 730/2021 തീയ്യതി: 29/06/2021

# എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
| --- | --- |
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സലാം ടി.ഐ), ഓഡിറ്റ് ഓഫീസർ
ശ്റീ സന്തോഷ് കുമാർ കെ വി, അസി.ഓഡിറ്റ് ഓഫീസർ
ശ്റീ സജീവ് എൻ എം ,അസി.ഓഡിറ്റ് ഓഫീസർ
ശ്റീ, അനിത് ബാബു, സീ.ഗ്റേ ഓഡിറ്റർ
ശ്റീ ടിനു ജോസഫ്, ഓഡിറ്റർ

<u>(ബി)നിർവഹണാധികാരികൾ</u>

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.എസ്. മുഹമ്മദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ആർ.മഞ്ജുള | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷെരീഫ്.പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഷെറോൺ ഫെർണാണ്ടസ് | കൃഷി ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അശ്വതി പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 22-12-2019 |
| ശ്രീമതി ലക്ഷ്മി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-12-2019 | 31-03-2020 |
| ശ്രീ കെ.എൽ.ആൽബി | ഹെഡ് മാസ്റ്റർ,ഗവ യൂ.പി. സ്കൂൾ | 01-04-2019 | 31-03-2020 |
| ശ്രീമതി സൈനബ ബീവി.കെ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.അപ്പു സിറിയക്ക് | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ സാജു എൻ രാജൻ | മെഡിക്കൽ ഓഫിസർ,ഐ.എസ്.എം | 01-04-2019 | 31-03-2020 |
| ശ്രീമതി സീന അഗസ്റ്റിൻ | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 01-04-2019 | 31-03-2020 |
| ഡോ നമിതാ നായിക് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | | |
| ശ്രീമതി റിനി.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വരാപ്പുഴ | 01-04-2019 | 31-03-2020 |
| ശ്രീമതി ശുഭ വി നായർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ പുത്തൻപള്ളി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-9 |
| 10 | ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: N.M.Sajeev (Asst. Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-10 |
| 11 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Aneeth Babu K.T (Senior Grade Auditor, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Aneeth Babu K.T (Senior Grade Auditor, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-12 |
| 13 | വാടക കരാറുകൾ -അപാകതകൾ<br>Written By: Aneeth Babu K.T (Senior Grade Auditor, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-13 |
| 14 | ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല<br>Written By: Abdul Salam T.I (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-14 |
| 15 | കുടിവെള്ളവിതരണം-ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-15 |
| 16 | ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- റവന്യൂ റിക്കവറി - പലിശസഹിതം തുക ഒടുക്കേണ്ടിവന്നു | 1-16 |

| | | |
|---|---|---|
| | Written By: K.V.Santhosh Kumar (Asst. Audit Officer, On 24-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | |
| 17 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: N.M.Sajeev (Asst. Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-17 |
| 18 | പശു വിതരണം(ജനറൽ)-അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-18 |
| 19 | ക്ഷേമപെൻഷൻ - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്യുന്നു<br>Written By: N.M.Sajeev (Asst. Audit Officer, On 24-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-19 |
| 20 | മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.<br>Written By: Aneeth Babu K.T (Senior Grade Auditor, On 25-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 17-06-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Salam T.I (Audit Officer, On 17-06-2021)<br>Last Updated By: K.V.Santhosh Kumar (Asst. Audit Officer, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 24/3/19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 3/3/2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 25(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| ആദ്യ ബജറ്റ് | 2870963.30 | 230312511 | 233183474.30 | 230765582 | 2417892 |
| പുതുക്കിയ ബജറ്റ് | 1704098.30 | 203859050 | 205563148.30 | 201802574 | 3760574 |

## 1-2 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

4. വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന പല രജിസ്ററുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

5. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബ്ളോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് 21,20,020/-രൂപയും ജില്ലാപഞ്ചായത്ത് നീക്കിയിരിപ്പ് 21,40,976/- രൂപയുൾപ്പെടെ മൊത്തം 42,60,996/- ആണ്. എന്നാൽ RP40(B) പ്രകാരം ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ നീക്കിയിരിപ്പ് 32,60,996/- ആണ്. വ്യത്യാസം 10,00,000/- രൂപ. അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ RP7 ഷെഡ്യൂൾ പ്രകാരം ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി തൻവർഷം 12,03,658/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി തൻവർഷം 4,00,000/-രൂപയും വരവുണ്ട്. മുന്നിരിപ്പ് കൂട്ടി തൻവർഷത്തെ ചെലവ് കുറച്ചാൽ ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ നീക്കിയിരിപ്പ് 59,53,167/- രൂപ കാണേണ്ടതാണ്. എന്നാൽ RP40(B) പ്രകാരം ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ നീക്കിയിരിപ്പ് 32,60,996/- ആണ്. ടി വ്യത്യാസത്തിനുള്ള കാരണം കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21393178.80 |
| വരവ് | 55185606.00 |
| ആകെ | 76578784.80 |
| ചെലവ് | 57542161.00 |
| നീക്കിയിരിപ്പ് | 19036623.80 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21235262 | 21235262 | 9069850 | 0 | 12165412 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1727600 | 1727600 | 697257 | 0 | 1030343 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 108000 | 108000 | 22500 | 0 | 85500 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15662000 | 15662000 | 5724701 | 0 | 9937299 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3516000 | 3516000 | 1982451 | 0 | 1533549 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9005220 | 9005220 | 4657930 | 0 | 4347290 |
| ലോക ബാങ്ക് സഹായം KLGSDP | 0 | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 3517 | 125 | 3642 | 0 | 3642 | |
| ബി.ഫണ്ട് | 0 | 475920 | 475920 | 475920 | 0 | |
| മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ട് (പെൻഷൻ - കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട്) | 93691 | 791 | 94482 | 94482 | 0 | |
| മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ട് -ജനകീയ ഭവനം-(SBI-അക്കൗണ്ട്) | 34647 | 1192 | 35839 | 0 | 35839 | |
| മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ട്-BSUP (SBI-അക്കൗണ്ട്) | 491709 | 15712 | 507421 | 0 | 507421 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|---|

| | | | | | | കളുടെ എണ്ണം | കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 235 | 64387880 | 199 | 24486194 | - | 36 | 199 | 84.68% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

നടപ്പാക്കാത്തവയിൽ 23 പദ്ധതികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

,

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 45440 | 956589 | 1002029 | 1001979 | 50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 11689462 | 11689462 | 11689462 | 0 |
| ആകെ | 45440 | 12646051 | 12691491 | 12691441 | 50 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13920 | 09 |
| കർഷകതൊഴിലാളി പെൻഷൻ | 1568400 | 277 |
| വാർദ്ധക്യകാലപെൻഷൻ | 12526500 | 1083 |
| വിധവാപെൻഷൻ | 6128400 | 2354 |
| വികലാംഗപെൻഷൻ | 1713300 | 298 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 330000 | 57 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/06/2021 2.40 പി.എം.ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 38,399/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.മുൻകൂർ രജിസ്റ്റർ, റിക്കവറി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2.സ്റ്റോക്ക് രജിസ്റ്ററിൽ വാർഷിക സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3.8,11,12,13 വാർഡുകളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ തയ്യാറാക്കിട്ടില്ല.
4.നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മാന്വൽ രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ: വെറ്ററിനറി സർജന് നൽകിയ 33813,33814,33815,33817 നമ്പർ മാന്വൽ രസീതി ബുക്കുകൾ, കൃഷി ഓഫീസർക്ക് നൽകിയ 33816 നമ്പർ മാന്വൽ രസീതി ബുക്ക്. മാന്വൽ രസീതി ബുക്കുകൾ എന്നിവ.

5.ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6.പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7.ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

8. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 16 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് 16 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന തീയതി | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 03.11.2019 | 1.2020-21 വാർഷിക പദ്ധതി രൂപീകരണം<br>2. 2019-20 പദ്ധതി അവലോകനം<br>3.റോഡ് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നത് സംബന്ധിച്ചുള്ള ചർച്ച<br>4.മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി 2020-21 വർഷത്തെ ലേബർ ബജറ്റ് ആക്ഷൻ പ്ലാൻ അംഗീകാരവും |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്ത ചുവടെ കൊടക്കുന്ന കരാറുകാരിൽ നിന്നും പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ.നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ജിഷ്ണു രാജ് .എസ്.പി. |
| 2 | സന്ദീപ് കെ.എസ്. |
| 3 | രാജീവ് .കെ |
| 4 | കെ.വി.ജൂഡ് |
| 5 | ജിജോ പീറ്റർ .എൻ |
| 6 | ലിയാഖത്ത് അലി മൂപ്പൻ.എം. |
| 7 | നിഷാദ്.എം.സി |
| 8 | നിഷാദ്.വി.ജെ. |
| 9 | പി.വി.ജോളി |
| 10 | അനീഷ്.സി.എസ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/22.6.21) മറുപടിയായി തൊഴിൽ നികുതി അടക്കേണ്ടതായിട്ടുള്ള മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

തൊഴിൽ നികുതി അടക്കേണ്ടതായിട്ടുള്ള മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) 2019-20 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി കള്ളു ഷാപ്പുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

1)സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1664 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം 2019-20 അർദ്ധ വർഷത്തിൽ 13 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 736 സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും പല സ്ഥാപനങ്ങളും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നതെന്നും ,പല കെട്ടിടങ്ങളും ഒഴിഞ്ഞ് കിടക്കുന്നവയും നമ്പർ ഉള്ളവയും എന്നാൽ കാലം ചെന്നതിനാൽ ഉപയോഗമല്ലാത്തവയും ആണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് ഉറപ്പ് വരുത്തേണ്ടതും നികുതി ചോർച്ച തടയേണ്ടതുമാണ്.

2)2019-20 ലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 11റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി റേഷൻ കടകൾക്ക് 2011-12 മുതൽ തൊഴിൽ നികുതി അടക്കുന്നതിന് നോട്ടീസ് നൽകിയിരിക്കുന്നതാണെന്നും ആയത് സംബന്ധിച്ച് റേഷൻ കട വ്യാപാരികളുമായി കേസ് നിലനിൽക്കുന്നു (WPC No.4316/201)എന്നുമാണ് അറിയിച്ചിട്ടുള്ളത്. കേസിന്റെ പുരോഗതിക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വാടക കരാറുകൾ -അപാകതകൾ

ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ , മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് വാടകക്കാരുമായി ചമച്ചിരിക്കുന്ന വാടക കരാറുകളിൽ മാസ വാടക രേഖപ്പെടുത്തിയിട്ടില്ല. വാടകക്കരാറുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപൂർണ്ണമായ വാടക കരാറുകൾക്ക് നിയമ പരിരക്ഷ ലഭിക്കുന്നതല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/22.6.21) മറുപടിയായി നിലവിൽ വാടക കരാറുകളിൽ വാടക തുക രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നാണ് അറിയിച്ചത്.

## 1-14 ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1)

പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്(അക്കൌണ്ട് നം. 520101038883720, Corporation Bank,Varapuzha). എന്നാൽ 2019-20 വർഷം ടി ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. 31.3.2020 ൽ 2,91,491/- രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കുടിവെള്ളവിതരണം-ആദായ നികുതി ഈടാക്കിയിട്ടില്ല

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി ബാധിച്ചിട്ടുള്ള വാർഡുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശ്രീ പോൾസൺ (M/S Thomson Transports) , ശ്രീ റോയ് ടി ജെ, എന്നിവർക്ക് തൻവർഷം ഈയിനത്തിൽ വിവിധ വൌച്ചറുകൾ പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. വാർഷിക പെയ്മെന്റ് ലിമിറ്റായ ഒരു ലക്ഷം രൂപയിൽ അധികരിച്ചതിനാൽ ആദായനികുതി നിയമത്തിന്റെ 194 സി വകുപ്പ് പ്രകാരം ഒരു ശതമാനം നിരക്കിൽ നികുതി ഈടാക്കേണ്ടതായിരുന്നു.

1.ആദായനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18.6.21)പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടിയിൽ ശ്രീ പോൾസണില് നിന്നും 5650/- രൂപ ഈടാക്കി അടച്ചതായി (വൌച്ചർ നം. 21900607 തീയതി 5.9.19) പറയുന്നുണ്ടെങ്കിലും ടി തുക ടിയാന്റെ ഏതെങ്കിലും ബില്ലിൽ നിന്നും കുറവ് ചെയ്യാതെ നേരിട്ട് പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയിരിക്കുന്നതായി കാണുന്നു. വിശദീകരിക്കേണ്ടതാണ്.1.
2.മറ്റൊരു കരാറുകാരനായ ശ്രീ റോയ് ടി ജെ ക്ക് 2019-20 സാമ്പത്തിക വർഷം വിവിധ തീയതികളിലായി നം.24-4/19, 120-5/19, 166-5/9, 213-5/19, 230-5/19, 239-5/19, 125-5/19,Po No.1171-2/20 എന്നീ വൌച്ചറുകൾ പ്രകാരം നൽകിയ 1,76,400/- രൂപയുടെ 1% ആദായനികുതി 1764/- രൂപ ടിയാനിൽ നിന്നും ഈടാക്കി അടക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-16 ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- റവന്യൂ റിക്കവറി - പലിശസഹിതം തുക ഒടുക്കേണ്ടിവന്നു

ഫയൽ നം. എ1/4567/18-4-20

വരാപ്പുഴ ബസ്റ്റാന്റ് വികസനത്തിന് വേണ്ടി റവന്യൂ വകുപ്പ് 2008ൽ വരാപ്പുഴ വില്ലേജിൽ സർവ്വേ നം 342/5/A5 ൽ ഉൾപ്പെട്ട 2.9 ആർ ഭൂമി പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുത്ത് പഞ്ചായത്തിന് കൈമാറിയിരുന്നു. ഈയിനത്തിൽ എസ്റ്റാബ്ളിഷ്മെന്റ് ചാർജായി 97732 രൂപ റവന്യൂവകുപ്പിലേക്ക് അടവാക്കേണ്ടതാണെന്ന് 2008 മുതൽ പലതവണ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അടവാക്കിയിരുന്നില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത തുക 2008 മുതൽ 12% പലിശകൂടി ഉൾപ്പെടെ 211829 രൂപ സർക്കാരിൽ നിന്നുള്ള റവന്യൂ റിക്കവറിയുടെ ഭാഗമായി 2019-20 വർഷത്തിൽ തവണകളായി അടവാക്കേണ്ടി വന്നതായി കാണുന്നു. എസ്റ്റാബ്ളിഷ്മെന്റ് ചാർജ് യഥാസമയം അടവാക്കാത്തതിനാലാണ് 114097 രൂപ പലിശയിനത്തിൽ ഒടുക്കേണ്ടി വന്നത്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം

രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നിലവിൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

## 1-18 പശു വിതരണം(ജനറൽ)-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | 001,പശു വിതരണം(ജനറൽ) |
| അടങ്കൽ | 990000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി ഡോക്ടർ |
| ചെലവഴിച്ച തുക | 742500<br>[പ്ലാൻ ഫണ്ട്-4,95,000,ഗുണ.വിഹിതം-2,47,500] |
| ബിൽ നമ്പർ / തിയതി | 1)2/19-20/14.10.2019 /247500<br>2)4/19-20/14.10.2019/ 247500 |

2019-20 സാമ്പത്തിക വർഷം വെറ്റിനറി ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പശു വിതരണം(ജനറൽ) എന്ന പദ്ധതിയിൽ 18 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങി നൽകിയിരുന്നു. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 10.10.2019 ൽ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്ന പർച്ചേസ് കമ്മറ്റി യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകരിൽ നിന്നും പശുക്കളെ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ വാങ്ങി നൽകിയ പശുക്കളുടെ വില സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമായില്ല. പർച്ചേസ് കമ്മറ്റിയിൽ എപ്രകാരമാണ് സബ്സിഡി തുക നിർണ്ണയിച്ചത് എന്ന് വ്യക്തമാക്കുന്നതിന് ആവശ്യമായ അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. എന്നാൽ വെറ്റിനറി സർജൻ ഫയലിനോടൊപ്പം 55000/- രൂപ മാർക്കറ്റ് വിലയുള്ള പശുവാണ് നൽകിയതെന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ വാർഡ്-1 ൽ ക്രമനമ്പർ 4,ക്രമ നമ്പർ-8 എന്നീ ഗുണഭോക്താക്കൾക്കാണ് പശുവിനെ വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ചത്. വാർഡ് -3 ൽ ക്രമനമ്പർ4,ക്രമ നമ്പർ-5 എന്നീ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചത്. വാർഡ് 8 ൽ ക്രമ നമ്പർ-3 ആയിട്ടുള്ള ഗുണഭോക്താവിനാണ് പശുവിനെ വാങ്ങി നൽകിയത്. കൂടാതെ വാർഡ്-9,വാർഡ്-10,വാർഡ്-15,വാർഡ്-16 എന്നിവയിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചതായി കാണുന്നുമില്ല. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് 60 ൽ അധികം മാർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടാണ് ലിസ്റ്റിൽ മുൻപിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതിരുന്നത് എന്നതിന് വ്യക്തമായ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലുള്ള പിഴവ് പരിശോധിക്കപ്പെടേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ക്ഷേമപെൻഷൻ - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ അടിസ്ഥാനമാക്കി മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ മുഖേന സേവന വെബ്സൈറ്റിൽ റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടുവെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്, മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കൾ നിലവിലും ആക്ടിവ് എന്ന് കാണിച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി ബി റ്റി വിതരണ സ്റ്റാറ്റസ് അനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണപ്പെട്ട തീയതി | മരണ ശേഷം അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട | ബന്ധപ്പെട്ട ബാങ്ക് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | പെൻഷൻ തുക, കാലയളവ് | |
| 1 | എൽ.സി.പെരേര ചുങ്കത്ത്,വരാപ്പുഴ, വരാപ്പുഴ,വാരാപ്പുഴ ലാൻഡിങ്ങ് P. O, 683517 ആധാർ നമ്പർ 813067671532 | വാർദ്ധക്യ കാല പെൻ ഷൻ | 106300 200066 | 22.04.2019 | 4500/- (May ,June, July -2019) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| 2 | രാജപ്പൻ. കെ.കെ 6/359A, വാടക്കപ്പറമ്പ്, ചിറയ്ക്കകം , വരാപ്പുഴ, P. O, 683517 | വാർദ്ധക്യ കാല പെൻ ഷൻ | 106300 200297 | 17.04.2019 | 4500/- (May, June,July -2019) | കോർപ്പ റേഷൻ ബാങ്ക് |
| 3 | രാധാ ശങ്കരൻ കട്ടി 13/55, പള്ളിപ്പറമ്പിൽ വീട്,ചിറയ്ക്കകം, ചിറയ്ക്കകം, വാരാപ്പുഴ P. O, 683517 | വാർദ്ധക്യ കാല പെൻ ഷൻ | 106300 200087 | 05.05.2019 | 3600/- (May,June, July -2019) | സൗത്ത് ഇന്ത്യൻ ബാങ്ക് |
| 4 | മേരി വർഗ്ഗീസ് 5/422,കൊല്ലമ് മാപറമ്പിൽ ,മുട്ടിനകം, വരാപ്പുഴ, P. O, 683517 - | വാർദ്ധക്യ കാല പെൻ ഷൻ | 106300 201737 | 12.05.2019 | 4500/- (May,June, July – 2019) | കേരള ഗ്രാമീൺ ബാങ്ക് |
| 5 | ആനി ചാക്കോ 7/356, പുനത്തിൽ, എടംമ്പാടം, വരാപ്പുഴ, വാരാപ്പുഴ ലാൻഡിങ്ങ് P. O, 683517 | വാർദ്ധക്യ കാല പെൻ ഷൻ | 106300 200464 | 20.05.2019 | 4500/- (May,June, July – 2019) | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ |

മേൽ സൂചിപ്പിച്ചതിൽ ക്രമ നമ്പർ 3,,4,5 എന്നിവയിലെ പെൻഷനേഴ്സിന് മെയ് മാസം വരെ അർഹതയുണ്ട്. പഞ്ചായത്തിലെ മരണ രജിസ്റ്ററും സേവന സോഫ്റ്റ് വെയറുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ശ്രദ്ധയിൽപെട്ട ഏതാനം പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന ,സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, മരണപ്പെട്ട മറ്റ് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മരണപ്പെട്ടതിന് ശേഷം സമാനമായ രീതിയിൽ തുക കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ബാങ്കുകളുമായി ബന്ധപ്പെട്ട് ആയത് തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**<u>1-20 മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.</u>**

വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗീകമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്നവയിൽ നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതി വിവര കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഇനിയും തീർപ്പാക്കാത്ത ഖണ്ഡികകൾ | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ |
|---|---|---|---|
| | | ഖണ്ഡിക നമ്പർ | |
| 1 | 1999-2000 | 38,41, | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(1)/2018 തീയതി. 23.05.2018 |
| 2 | 2007-2008 | ലഭ്യമല്ല | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(1)/2018 തീയതി. 23.05.2018 |
| 3 | 2008-2009 | 2-2(A),3-3(1), 3-3(2),3-3(3),3-3(5),3-9 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(3)/2018 തീയതി. 23.05.2018 |
| 4 | 2009-2010 | 2-2,3-10,3-14 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(4)/2018 തീയതി. 23.05.2018 |
| 5 | 2010-2011 | 3-7,3-6(A)(B) | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(5)/2018 തീയതി. 23.05.2018 |
| 6 | 2011-2012 | 2-3,3-1,3-2,3-9,3-11,3-12,3-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(6)/2018 തീയതി. 23.05.2018 |
| 7 | 2012-13 | 3-1,3-2, | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(7)/2018 തീയതി. 23.05.2018 |
| 8 | 2013-2014 | 3-1 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 |
| 9 | 2014-2015 | - | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 |
| 10 | 2015-2016 | 2-1,2-2,3-1,3-2,3-4,3-5, | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 |
| 11 | 2016-2017 | 2-1(A),(B),2-2,2-3,2-4,2-5, 3-2,3-3,3-5,3-6,3-8 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 |
| 12 | 2017-18 | 2-1,3-6,3-7 | കെ.എസ്.എ -ഇ.കെ.എം (പി-13) 2166/18 തീയതി. 01.12.2018 |
| 13 | 2018-19 | 1-12,1-21,2-1, | കെ.എസ്.എ -ഇ.കെ.എം (പി-13) 987/20 തീയതി. 16.10.2020 |

ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത്, കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. പലപ്പോഴും ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 19-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 10,00,000 | അറക്കൽ റോഡ് റീടാറിങ്(Spillover) | 972710 | |
| | | 500000 | ചിറക്കപ്പടി റോഡിൽ ടൈൽ വിരിക്കൽ(Spillover) | 493526 | 6474 |
| | | 1000000 | ചിറക്കകം സ്കൂൾ പൈപ്പ് ലൈൻ റോഡ് കലുങ്ക് പുനരുദ്ധാരണം (Spillover) | 971612 | 28388 |
| “ | “ | 1000000 | മഹാത്മ തിയേറ്റേഴ്സ് റോഡ് പുനരുദ്ധാരണം(Spillover) | 973864 | 26136 |
| “ | “ | 500000 | ചുളക്കടവ് റോഡ് ടൈൽ വിരിക്കൽ(Spillover) | 499604 | 396 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 76666 | അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി | 76659 | 7 |
| | | 175000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 175000 | 0 |

ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും തൻവർഷം നടപ്പാക്കിയിട്ടുള്ളത് Spill Over പദ്ധതികളാണ്.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (വിവിധ ബില്ലുകൾ) | 2019-20 | 231992 | 110041 | 121951 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 70,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 70,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70,00,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ പേര് |
|---|---|---|
| 1101057848/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101057847/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058121/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058106/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 110106810/ 28.03.2019 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| ആകെ | 70,00,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ-സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മ പരിശോധന നടത്തി നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 3.2.7 | ആസ്തിരജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്ടിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ-സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം അപാകതകൾ | |
| | | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ | |

| | | | | |
|---|---|---|---|---|
| | | | ക്രമക്കേട് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55185606.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57542161.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-15 – 1764/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(1)/2018 തീയതി. 23.05.2018 | 4 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(7)/2018 തീയതി. 23.05.2018 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 1 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | Nil | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 6 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 10 | |

| | | | |
|---|---|---|---|
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 3 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 3 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്